**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഇല്ല. കെ.എസ്.ആർ.റ്റി.സി.യിൽ ശമ്പള പരിഷ്കര ണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടത്തി വരുന്നു. ശമ്പള / പെൻഷൻ പരിഷ്കരണം ഇതു വരെ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാ ശ്വാസമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അംഗീകാരത്തോടെയും, കെ.എസ്.ആർ.റ്റി. സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം താമസം വിനാനടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ